**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 53** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപം, തൊഴിലവസരം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒരു ലക്ഷം സംരംഭം പദ്ധതിയുടെ ഭാഗമായി 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 127214 സംരംഭങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി 7710.85കോടി രൂപയുടെ നിക്ഷേപവും 273931പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ സംരംഭകരായവരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക നിക്ഷേപ സംഗമം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ? | (ബി) | 2022-23 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ **'സംരംഭക വർഷം'** ആയി ആചരിച്ചു വരികയാണ്. സംരംഭക വർഷത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യം, 250 ദിവസത്തിൽ കൈവരിച്ചിട്ടുണ്ട്. ഇത് കൂടാതെ മറ്റ് പല പദ്ധതികളും സംരംഭക വർഷവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. സംരംഭകവർഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സംരംഭകർക്കായി ഒരു മഹാ സംഗമം 2023 ജനുവരി 21ന് കൊച്ചിയിൽ സംഘടിപ്പിച്ചു. സംസ്ഥാനത്ത് സംരംഭം നടത്തി വരുന്ന പതിനായിരത്തോളം സംരംഭകർ ഇതിൽ പങ്കെടുത്തു. സംഗമത്തോടൊപ്പം സംരംഭകർക്കായി വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള എഴുപത്തി അഞ്ചോളം സ്റ്റാളുകളും മേളയിൽ സജ്ജമാക്കിയിരുന്നു. ബാങ്കുകൾ, വിവിധ സംസ്ഥാന-കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, ഇ-കോമേഴ്സ് സ്ഥാപനങ്ങൾ, സാങ്കേതികസ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവരുടെ സ്റ്റാളുകളും സംരംഭകർക്ക് UDYAM, KSWIFT, GeM റെജിസ്ട്രേഷൻ മുതലായ വിവിധ സേവനങ്ങൾ ഓൺലൈൻ ആയി ചെയ്തു കൊടുക്കുന്ന സ്റ്റാളുകളും ക്രമീകരിച്ചിരുന്നു. സംരംഭകരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനം സംരംഭ |

| | | | |
|---|---|---|---|
| | | | സൗഹൃദമാണെന്നുള്ള സന്ദേശം പ്രചരിപ്പിക്കുന്നതിനും സംരംഭക സംഗമം സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ